# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1942** **08.03.2018-ലെ മറുപടിക്ക്**

## പങ്കാളിത്ത പെൻഷൻ

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.വി.വിജയദാസ്** **ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ ഇനത്തിൽ 2014 മുതൽ എത്ര രൂപ ജീവനക്കാരിൽ നിന്ന് സമാഹരിച്ചിട്ടുണ്ട്; ഈ തുക Fund Manager-മാർ നിർദ്ദേശിക്കുന്ന തരത്തിലാണോ നിക്ഷേപിക്കുന്നത്; വിശദവിവരം നൽകുമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 ജനുവരി 31 വരെ ജീവനക്കാരുടെ വിഹിതവും (390.36 കോടി രൂപ) സർക്കാർ വിഹിതവും (390.36 കോടി രൂപ) കൂടിച്ചേർത്ത് ആകെ 780.72 കോടി രൂപ ദേശീയ പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>06.02.2014 ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ യുടെ നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ള എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി എന്നിവയിലാണ് നിക്ഷേപിക്കുന്നത്. ഈ നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പിബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. |
| (ബി) | ഈ തുക സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടയ്ക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. 1956 -ലെ SCRA [Securities Contracts (Regulation) Act 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷനിലും പങ്കാളിത്ത പെൻഷനിലുമായി നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്; വ്യക്തമാക്കാമോ? | 2018 ജനുവരിയിലെ ശമ്പള ബിൽ പ്രകാരം 4,27,954 ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലും നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ 2018 ജനുവരിയിലെ റിപ്പോർട്ട് പ്രകാരം 67,429 ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ട് ജോലി ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**